അനുബന്ധം

# 18-03-2025-ലെ ധനാഭ്യർഥനയ്ക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നൽകിയ വിശദമായ മറുപടി

## മികച്ച തൊഴിൽ സംസ്കാരത്തിനായി കേരളത്തിന്റെ നേട്ടങ്ങൾ

ലോകമെങ്ങും തൊഴിലാളി സംരക്ഷണ നിയമങ്ങളും നയങ്ങളും മാറ്റിവയ്ക്കപ്പെടുന്ന ഒരു സാഹചര്യത്തിലാണ് കേരളം മികച്ച തൊഴിലാളി-തൊഴിലുടമാ ബന്ധം ഉറപ്പാക്കുകയും തൊഴിലിട സൗഹൃദ സംസ്കാരം മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നത്. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകളുടെ കാലത്ത് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും തൊഴിൽ മേഖലയുടെ മെച്ചത്തിനുമായി നിരവധി മാതൃകാപരമായ പദ്ധതികൾ നടപ്പാക്കി.

കേരളം രാജ്യത്ത് ആദ്യമായി തൊഴിൽ നയം ആവിഷ്കരിച്ച് നടപ്പാക്കിയ സംസ്ഥാനമാണ്. സംതൃപ്തവും ഉത്സാഹഭരിതവുമായ തൊഴിൽ മേഖല സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും സാമൂഹിക സുരക്ഷയ്ക്കും പൂർണ്ണമായും

പിന്തുണ നൽകുന്നു. വികസന സൗഹൃദ തൊഴിൽ സംസ്കാരം ഉറപ്പാക്കുന്നതിലൂടെയും തൊഴിലാളി-തൊഴിലുടമ ബന്ധം മെച്ചപ്പെടുത്തുന്നതിലൂടെയും കേരളം സുസ്ഥിര വികസനത്തിന് ഒരു മാതൃകയായി മാറിയിരിക്കുന്നു.

**തൊഴിൽ മേഖലയിൽ കേരളത്തിന്റെ നേട്ടങ്ങൾ**

തൊഴിൽ അവസരങ്ങളുടെ വർധന: 2016 മുതൽ സംസ്ഥാനത്ത് ഔപചാരിക തൊഴിൽ സാധ്യതയിൽ കുതിച്ചുചാട്ടമുണ്ടായി. PLFS റിപ്പോർട്ട് പ്രകാരം, വനിതാ തൊഴിൽ പങ്കാളിത്തം 36.4% ആയി ഉയർന്നു. തൊഴിലില്ലായ്മ നിരക്ക് 11.4%-ത്തിൽ നിന്ന് 7.2% ആയി കുറഞ്ഞു.

ഉയർന്ന വേതനനിരക്ക്: റിസർവ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും കണക്കുകൾപ്രകാരം, രാജ്യത്ത് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. വിവിധ മേഖലകളിലെ ദിവസ വേതനം ദേശീയ ശരാശരിയേക്കാൾ ഇരട്ടിയിലധികമാണ്.

ന്യായമായ വേതനം ഉറപ്പാക്കൽ: സംസ്ഥാനത്ത് 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചു. അസംഘടിത

തൊഴിലാളികൾക്കടക്കമുള്ള 70 ലക്ഷത്തിലധികം തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുകളിലൂടെയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിലൂടെയും 9080 കോടിയിലധികം രൂപ വിതരണം ചെയ്തു.

തൊഴിൽ സംസ്കാരത്തിന്റെ മെച്ചപ്പെടൽ: തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ തൊഴിലുടമകളുമായി സൗഹൃദപരമായ ഇടപെടലുകൾ നടന്നു. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മെറ്റേണിറ്റി ബെനിഫിറ്റ്, സുരക്ഷിതമായ രാത്രി ജോലി, ടെക്സ്റ്റൈൽ മേഖലയിലടക്കമുള്ള ആധുനിക തൊഴിൽ സൗകര്യങ്ങൾ എന്നിവ നടപ്പാക്കി. സെക്യൂരിറ്റി ജീവനക്കാർക്ക് ഇരിപ്പിടമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നിർദേശം ദേശീയ തലത്തിൽ ശ്രദ്ധ നേടി.

**തൊഴിൽ മേഖലയിലെ നവീന പരിഷ്കരണങ്ങൾ**

തൊഴിൽ തർക്ക പരിഹാര മാർഗങ്ങൾ: തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും നേരിട്ട് പരാതിപ്പെടാൻ തൊഴിൽ സേവാ ആപ്പ് അവതരിപ്പിച്ചു. 28000 തൊഴിൽ തർക്കങ്ങളിൽ 25000 എണ്ണം പരിഹരിക്കപ്പെട്ടു. ബാക്കിയുള്ളവയ്ക്ക് ഉടൻ പരിഹാരമാകും.

നൈപുണ്യ വികസനത്തിന് ഊന്നൽ: തൊഴിൽ പരിചയം ലഭ്യമാക്കാൻ 'കർമ്മചാരി' പദ്ധതി നടപ്പാക്കി. 'നവ ശക്തി' പദ്ധതി വഴി തൊഴിലാളികൾക്ക് ഉന്നത പരിശീലനം നൽകുന്നു.

അതിഥി തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ: അതിഥി തൊഴിലാളികൾക്ക് മികച്ച കൂലി ഉറപ്പാക്കാൻ സർക്കാർ ഇടപെട്ടു. ആവാസയോഗ്യമായ പാർപ്പിടങ്ങൾ, ഇൻഷ്വറൻസ്, അപകടമരണ ധനസഹായം, ആശയവിനിമയത്തിനായി എല്ലാ ജില്ലകളിലും ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി.

**സുസ്ഥിര വികസനം ലക്ഷ്യമാക്കി തൊഴിൽ നയം:**

തൊഴിൽ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ സൗഹൃദ സംസ്കാരം ഉറപ്പാക്കുന്നതിനും സർക്കാർ തുടർച്ചയായ ഇടപെടലുകൾ നടത്തുന്നു.

**ഇതുവരെ കൈവരിച്ച നേട്ടങ്ങൾ**

101614 പേർക്ക് സർക്കാർ തൊഴിൽ ലഭിച്ചു.

41847 പേർക്ക് സ്വയം തൊഴിൽ പദ്ധതിപ്രകാരം സാമ്പത്തിക സഹായം.

78009 പേർക്ക് സ്വകാര്യ മേഖലകളിൽ ജോലി ലഭ്യമാക്കി.

1700 കോടി രൂപയുടെ വായ്പ്പാ സഹായം

9395 ഭിന്നശേഷിക്കാർക്ക് വായ്പ്പാ സഹായം.

ഐ.ടി.ഐ.-കളുടെ വിപുലീകരണം: 27 പുതിയ സർക്കാർ ITI-കൾ, 12 അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തിയ ITI-കൾ, 19 പ്രൊഡക്ഷൻ സെന്ററുകൾ, പത്തോളം ന്യൂജെൻ ട്രെയിഡുകൾ ആരംഭിച്ചു.

കേരളം ലോകത്താകമാനം തൊഴിലാളി സംരക്ഷണ നയങ്ങൾ അട്ടിമറിക്കപ്പെടുന്ന ഒരു സാഹചര്യത്തിലും ഉത്തമ തൊഴിൽ സംസ്കാരം മുന്നോട്ടുകൊണ്ടുപോകുന്ന മാതൃകാ സംസ്ഥാനമായി മാറിയിരിക്കുന്നു. ഈ നേട്ടങ്ങൾ കേരളത്തിന്റെ ക്ഷേമദർശനത്തെയും വികസനനയത്തെയും തെളിയിക്കുന്നവയാണ്. സംസ്ഥാന സർക്കാർ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും പരസ്പര പുരോഗതി ഉറപ്പാക്കുന്ന ഒരു സാമൂഹിക ബോധത്തോടെ മുന്നോട്ടുപോകുന്നുവെന്ന് ഈ നേട്ടങ്ങൾ തെളിയിക്കുന്നു.

********

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തന നേട്ടങ്ങൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2017-18 അക്കാദമിക വർഷത്തിൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും തുടർച്ചയായ 'വിദ്യാകിരണം' പദ്ധതിയും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചു. കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടെ, കിഫ്ബി അടക്കം വിവിധ പദ്ധതികളുടെ ഭാഗമായും 5000 കോടി രൂപയ്ക്ക് മീതെയുള്ള വികസനപ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയത്.

### 1. **അടിത്തറയ്ക്ക് ശക്തി - സ്കൂൾ അടിസ്ഥാനസൗകര്യ വികസനം**

കിഫ്ബി വഴി 2,565 കോടി രൂപ നിക്ഷേപിച്ച് 973 സ്കൂൾ കെട്ടിടങ്ങൾക്ക് ഭരണാനുമതി നൽകുകയും അതിൽ 518 എണ്ണം പൂർത്തിയാക്കുകയും ചെയ്തു. പ്ലാൻ, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ച് സർക്കാരും എയ്ഡഡ് മേഖലയിലുമുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിച്ചു.

## 2. സാങ്കേതികവിദ്യ സംയോജനം-ഹൈടെക്ക് ക്ലാസ് റൂം വിപ്ലവം

50000-ത്തിൽ അധികം ക്ലാസ്റൂമുകൾ ഹൈടെക്കാക്കി, ടിങ്കറിങ് ലാബുകൾ, റോബോട്ടിക് ലാബുകൾ തുടങ്ങിയവ സ്ഥാപിച്ചു. അധ്യാപകർക്കും വിദ്യാർഥികൾക്കും നിർമ്മിതബുദ്ധിയിൽ പരിശീലനം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം. കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ പഠനം വിപുലപ്പെടുത്തി, യൂണിസെഫ് പോലും അംഗീകരിച്ച മാതൃകയായി ഇത്. നിയമപരവും സാങ്കേതികവുമായ സാധ്യതകൾ പരിശോധിച്ച് കൈറ്റ് വിക്ടേഴ്സിനുകീഴിൽ ഒരു പുതിയ അക്കാദമിക് ചാനൽ തുടങ്ങാനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ നടത്തും.

## 3. പാഠ്യപദ്ധതി പരിഷ്കരണം - പുതിയ തലമുറയ്ക്ക് പുതിയ പഠനമുറ

2014-നുശേഷം ആദ്യമായാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയത്.

2024-25 വർഷം മുതൽ പുതിയ പാഠപുസ്തകങ്ങൾ ക്ലാസുകൾക്ക് നൽകിത്തുടങ്ങി; തുടർച്ചയായി 2025-26-ൽ ഇതിന്റെ തുടർച്ച നടപ്പാക്കും.

ഹയർ സെക്കൻഡറിയിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ ശില്പശാല ആരംഭിച്ചു. 2023-24 മുതൽ എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തി.

**4. പഠന നിലവാരത്തിന്റെ ഉറപ്പ് - സബ്ജക്റ്റ് മിനിമം പദ്ധതി**

2024-25 വർഷം 8-ാം ക്ലാസിലും 2025-26-ൽ 9-ാം ക്ലാസിലും 2026-27 മുതൽ 10-ാം ക്ലാസിലുമുള്ള പൊതുപരീക്ഷകളിൽ സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നു.

പ്രൊഫ. എം. എ. ഖാദർ കമ്മിറ്റിയുടെ ശിപാർശപ്രകാരം മികവിനായുള്ള വിദ്യാഭ്യാസം റിപ്പോർട്ട് അംഗീകരിച്ചു. റിപ്പോർട്ടിന്റെ ഭാഗമായുള്ള ഏകീകരണം അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

**5. കുട്ടികൾക്കുള്ള സംരക്ഷണവും ആനുകൂല്യങ്ങളും**

പാഠപുസ്തകങ്ങളും യൂണിഫോമും അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി വിതരണം ചെയ്യും.

കേരളം ഉച്ചഭക്ഷണ പദ്ധതിയിൽ ദേശീയതലത്തിൽത്തന്നെ ഉത്തമ മാതൃകയാണ്. ഹെൽത്ത് കാർഡ് പദ്ധതി അന്തിമഘട്ടത്തിൽ, കുട്ടികളുടെ ആരോഗ്യപരിപാലനത്തിന് സ്കൂൾതലത്തിൽ ആരോഗ്യവകുപ്പുമായി ചേർന്നുള്ള ഒരു പുതിയ നിർണ്ണായക നീക്കമാണിത്.

**6. സ്കൂൾ കായികമേളയും കലോത്സവവും-പുതിയ കാതലായ മാറ്റങ്ങൾ**

ലോകത്തിലെ ഏറ്റവും വലിയ സ്കൂൾ കായികമേള കേരളം സംഘടിപ്പിച്ചു - ഒളിമ്പിക് മാതൃകയിൽ.

ഇൻക്ലൂസീവ് സ്പോർട്സ് ആദ്യമായി സ്കൂൾ കായികമേളയിലൂടെ നടപ്പാക്കി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയംതന്നെ ഇതിനെ പ്രകീർത്തിച്ചു.

സ്കൂൾ കലോത്സവ മാന്വൽ പുതുക്കി, ചരിത്രത്തിൽ ആദ്യമായി പരമ്പരാഗത തദ്ദേശീയ കലാരൂപങ്ങൾ കൂട്ടിച്ചേർത്തു.

7. **വൊക്കേഷണൽ വിദ്യാഭ്യാസം-തൊഴിൽ സാധ്യതകളുടെ വിപുലീകരണം**

714 വൊക്കേഷണൽ ഹയർ സെക്കൻഡറി ലാബുകൾ ആധുനികവൽക്കരിച്ചു.

വി.എച്ച്.എസ്.ഇ. കോഴ്സ് പാസായ വിദ്യാർഥികൾക്കായി തൊഴിൽമേളകൾ സംഘടിപ്പിച്ച് 4891 പേർക്ക് തൊഴിൽ ഉറപ്പാക്കി.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഹയർ സെക്കൻഡറിതലം മുതലുള്ള വിദ്യാർഥികൾക്കും ഓപ്പൺ സ്കൂളിലുള്ള വിദ്യാർഥികൾ, ഏതെങ്കിലും സാഹചര്യങ്ങളിൽ പഠനം ഉപേക്ഷിക്കേണ്ടിവന്ന വിദ്യാർഥികൾ തുടങ്ങിയവർക്ക് തങ്ങളുടെ അഭിരുചിക്ക് അനുസരിച്ചുള്ള തൊഴിൽ പരിശീലനം സാധ്യമാക്കുന്നതിനായി STARS (Strengthening Teaching Learning Results for States) പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിരിക്കുകയാണ്. 14 എണ്ണം നിലവിൽ വന്നുകഴിഞ്ഞു. ഇവിടെനിന്നും കോഴ്സ് പാസ്സായ കുട്ടികളിൽ 40 ശതമാനം പേർക്ക് പ്ലേയ്സ്മെന്റ് ലഭിച്ചുകഴിഞ്ഞു. മൊത്തം 236 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**8. നിയമന പ്രവർത്തനങ്ങൾ-അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും കൃത്യമായ അവസരങ്ങൾ**

2017 മുതൽ 2024 വരെ 43637 നിയമനങ്ങൾ സർക്കാർ, എയ്ഡഡ് മേഖലയിൽ നടന്നു.

PSC മുഖേന നടത്തിയ നിയമനങ്ങളിൽ രാജ്യത്തെതന്നെ ഏറ്റവും വലിയ സംഖ്യ കേരളത്തിന്റേത്.

സർക്കാർ, എയ്ഡഡ് മേഖലകളിൽ നിയമന അനുമതി സംബന്ധിച്ച സോഫ്റ്റ്‌വെയർ നവീകരണം അന്തിമഘട്ടത്തിൽ.

**9. പരീക്ഷ സുതാര്യമാക്കൽ-വിദ്യാർഥികൾക്ക് കൂടുതൽ സൗകര്യങ്ങൾ**

ഹയർ സെക്കൻഡറി പരീക്ഷാ മാന്വൽ 16 വർഷത്തിനുശേഷം പുതുക്കി.

എസ്.എസ്.എൽ.സി. മാർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലയളവ് മൂന്നുവർഷത്തിൽ നിന്ന് 3 മാസമായി ചുരുക്കി.

ഓൺലൈൻ ചോദ്യപേപ്പർ ശേഖരം, 2500 ചോദ്യപേപ്പറുകളോടെ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് ലഭ്യമാക്കി.

**10. ദേശീയ-അന്തർദേശീയ തലത്തിൽ കേരളം-പൊതുവിദ്യാഭ്യാസത്തിന്റെ മാതൃക**

കേന്ദ്രസർക്കാരിന്റെ വിവിധ സൂചികകളിൽ കേരളം ഒന്നാമതെത്തി, പൊതുവിദ്യാഭ്യാസ മികവിന് ദേശീയ അംഗീകാരം.

800-ൽ അധികം പ്രീ-പ്രൈമറി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലേക്ക് വർണ്ണക്കൂടാരം പദ്ധതി വഴി മാറ്റമുണ്ടായി.

മാതൃകാപരമായ പാഠപുസ്തക നിർമ്മാണം, ജനകീയ ചർച്ചയിലൂടെ ഇത് സാധ്യമാക്കി. പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇതാദ്യമായി വിദ്യാർഥികളും ഭാഗഭാക്കായി.

പൊതുവിദ്യാഭ്യാസത്തിന്റെ മുന്നേറ്റം സാധ്യമാക്കാൻ കഴിഞ്ഞത് സർക്കാർ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ചേർന്ന് കൈകോർത്തതിന്റെ ഫലമാണ്.

## 11. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വിപ്ലവകരമായ കുതിച്ചുചാട്ടം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഇതിന് അനുസൃതമായി അക്കാദമിക മികവും ഗുണനിലവാരവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇതിന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. ഇതിനായി സംസ്ഥാന ബജറ്റിൽ 37.80 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**12. അധ്യാപക പരിശീലനം**

പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി അധ്യാപകരെയും പരിവർത്തിപ്പിക്കേണ്ടതുണ്ട്. ഇതിനായി റസിഡൻഷ്യൽ അധ്യാപക പരിശീലന പരിപാടികൾ അടക്കം നടപ്പാക്കിവരുന്നു. പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് നവാധ്യാപക പരിശീലനവും ആരംഭിച്ചിട്ടുണ്ട്.

13. **ഗോത്രവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ വകുപ്പിന്റെയും സഹകരണത്തോടെ ജനറൽ സ്കൂളിൽപഠിക്കുന്ന ഗോത്രവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരവും പരീക്ഷാ ഫലങ്ങളും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പരിപാടി ആരംഭിച്ചിട്ടുണ്ട്.

## 14. ഭിന്നശേഷി കുട്ടികളുടെ ഉന്നമനം

ഭിന്നശേഷി കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങൾക്ക് ബജറ്റിൽ 62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷത്തെക്കാൾ പന്ത്രണ്ട് കോടി രൂപ കൂടുതലാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. വ്യക്തിഗത പരിചരണം, പ്രായത്തിന് അനുസരിച്ചുള്ള പിന്തുണ, പ്രത്യേക അധ്യാപകരെ സജ്ജരാക്കാനും ശക്തീകരിക്കാനുമുള്ള ആവശ്യമായ വിഭവങ്ങൾ നൽകുക എന്നിവയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

## 15. മാതൃകാ വിദ്യാലയങ്ങൾ

പഠിതാക്കളുടെ സമഗ്രമായ ക്ഷേമം, അധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പക്കൽ, സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, പഠനത്തിന് അനുകൂലമായ പിന്തുണാ സംവിധാനം വികസിപ്പിക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് മോഡൽ സ്കൂൾ പദ്ധതി ആരംഭിക്കുന്നത്. ഓരോ ജില്ലയിലും ഓരോ സ്കൂൾ എന്ന തരത്തിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്.

## 16. വിദ്യാഭ്യാസ ഏജൻസികളെ ശക്തിപ്പെടുത്തൽ

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പത്തോളം ഏജൻസികളും നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി വിദ്യാകിരണം മിഷനും പ്രവൃത്തിക്കുന്നുണ്ട്. ഇവയെ ശക്തിപ്പെടുത്തി പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുക.

*******

## കേരളീയ പ്രവാസികാര്യ വകുപ്പ്

ധനാഭ്യർഥന സംബന്ധിച്ച കുറിപ്പ്

ഒരു ഏകജാലക ഏജൻസി എന്ന നിലയിൽ 1996-ലാണ് പ്രവാസി മലയാളികാര്യ വകുപ്പ് നിലവിൽ വന്നത്. പ്രവാസി മലയാളികളുടെ സർവതോമുഖമായ ക്ഷേമമാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ലോകത്താകമാനമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതി പരിഹാരം, അവകാശ സംരക്ഷണം, നാട്ടിലേക്ക് മടങ്ങിയെത്തുന്നവരുടെ പുനരധിവാസം, പ്രവാസി നിക്ഷേപം സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് നോർക്കയുടെ പ്രധാന ലക്ഷ്യങ്ങൾ. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ടും പൊതുമേഖലാ സ്ഥാപനമായ നോർക്ക-റൂട്ട്സ്, കേരളീയ പ്രവാസി ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരമാണ് പ്രധാനമായി നടപ്പാക്കിവരുന്നത്. 15081.00 ലക്ഷം രൂപ 2025-26 വർഷ ബജറ്റിൽ വിവിധ കർമ്മപരിപാടികൾക്കായി വകയിരുത്തിയിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 ലോകകേരള സഭാ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നാലാം ലോക കേരള സഭ 2024 ജൂൺ 14, 15 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. അഞ്ചാം ലോകകേരള സഭ സമ്മേളനം 2026-ൽ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളിലുമായി സർക്കാരിന് ലഭിച്ച ശിപാർശകൾ നടപ്പാക്കി വരുന്നുണ്ട്.

ലോകമെങ്ങുമുള്ള പ്രവാസി മലയാളികളുടെ വിവര ശേഖരണത്തിനായി ലോക കേരളം പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് രൂപീകരിച്ചിട്ടുണ്ട്. പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ട്അപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനായി സ്റ്റാർട്ട്അപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു.

പ്രവാസികൾക്ക്/ മാതാപിതാക്കൾക്ക് Retirement living സംവിധാനം ഉറപ്പാക്കുക, മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്കിൽ സർട്ടിഫിക്കേഷൻ, മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും

ക്ഷേമത്തിനുമായി പ്രവാസി മിഷൻ രൂപീകരിക്കുക, ലോക കേരളം ഓൺലൈൻ പോർട്ടലിൽ ആരോഗ്യ സേവനങ്ങൾ, കലാമണ്ഡലം നൽകുന്ന ഹ്രസ്വകാല കോഴ്സ് ലഭ്യമാക്കുക, അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പുവരുത്തി അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിനുള്ള നിയമനിർമ്മാണം തുടങ്ങിയ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

വിദേശ രാജ്യത്ത് മികച്ച തൊഴിൽ സ്വപ്നം കാണുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിശീലനത്തിനും ലൈസൻസിങ് പരീക്ഷകൾക്ക് പുറപ്പെടുന്നതിന് ചെലവാകുന്ന ഭാരം ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടെ സബ്സിഡി വ്യവസ്ഥയിൽ ലോൺ അനുവദിക്കുന്നതിനുള്ള 'ശുഭയാത്ര പദ്ധതി'' ആരംഭിച്ചിട്ടുണ്ട്.

വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ

കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പോലീസ് സൂപ്രണ്ട്, എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

റിക്രൂട്ട്മെന്റ് ഏജന്റുകളുടെ കെണിയിൽപ്പെട്ട് വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ പഠനം എന്നിവയ്ക്കായി അനധികൃതമായി കുടിയേറുന്നവർ നിരവധിയാണ്. സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ നടത്തിവരുന്നുണ്ടെങ്കിലും അനധികൃത റിക്രൂട്ട്മെന്റ് ഏജന്റുമാരുടെ കെണിയിൽപ്പെടുന്നവരുടെ എണ്ണം വർധിച്ച സാഹചര്യമാണുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾ, ഏജന്റുമാർ, ഇടനിലക്കാർ തുടങ്ങിയവർ നിയമ പരിമിതികൾ മനസ്സിലാക്കി കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്ന പ്രവണതയുണ്ട്. കേരളത്തിൽനിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പുവരുത്തി സുരക്ഷിത കുടിയേറ്റം സാധ്യമാക്കണം എന്നത് നാലാം ലോക കേരള സഭയുടെ സുപ്രധാന നിർദേശങ്ങളിൽ ഒന്നായിരുന്നു. അന്താരാഷ്ട്ര

റിക്രൂട്ട്മെന്റ് മേഖലയിലെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നോർക്ക റൂട്ട്സ് കേരളത്തിന് പുറത്ത്, ഇന്ത്യക്കകത്തും വിദേശത്തുമായുള്ള പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ഒരു സമഗ്ര ആരോഗ്യ പദ്ധതി ആവിഷ്കരിച്ചു വരുന്നുണ്ട്.

കേരളീയ പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന പ്രവാസികൾക്കായി പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നിലവിൽ 8 ലക്ഷത്തോളം പ്രവാസി കേരളീയർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. പ്രവാസി ക്ഷേമ നിധിയിൽ നിലവിൽ എട്ട് ലക്ഷത്തിൽപരം അംഗങ്ങളും എഴുപതിനായിരത്തോളം പെൻഷൻകാരുമുണ്ട്. പ്രതിമാസം ഏകദേശം എണ്ണായിരത്തോളം പ്രവാസികൾ പുതുതായി അംഗത്വ അപേക്ഷ സമർപ്പിക്കുമ്പോൾ രണ്ടായിരത്തോളം പേർ പുതുതായി പെൻഷന് അർഹത നേടുന്നുണ്ട്. പ്രതിമാസ മിനിമം പെൻഷൻ ഏകീകൃത നിരക്കായ 2000/- രൂപയിൽനിന്നും 1 എ വിഭാഗത്തിന് 3500/- രൂപയായും 1 ബി, 2 എ വിഭാഗത്തിന് 3000/- രൂപയായും 01-04-2022 മുതൽ വർധിപ്പിച്ചിട്ടുണ്ട്.

നേരത്തെ അംഗത്വമെടുത്ത് കൃത്യമായി അംശദായം അടയ്ക്കുന്നവർക്ക് പരമാവധി 7000/- രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ്.

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവൽക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്, 'Reststop' പദ്ധതി കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

*****